പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ T 3494 — 30-01-2014 ൽ മറുപടിക്ക്

## പൊതുമേഖലാ ബാങ്കുകളിൽ നിന്നുമുള്ള കാർഷിക വായ്പ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.പി. വിൻസെന്റ് | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) പൊതുമേഖലാ ബാങ്കുകളിൽ നിന്നും കാർഷിക വായ്പ എടുക്കുന്നതിനുള്ള നിയന്ത്രണങ്ങൾക്ക് ഇളവു വരുത്തുന്നതിന് ബാങ്കുകൾക്ക് മേൽ സമ്മർദ്ദം ചെലുത്തുമോ; | (എ) പൊതുമേഖലാ ബാങ്കുകളിൽ നിന്നും കാർഷിക വായ്പ എടുക്കുന്നതിന് യാതൊരുവിധ നിയന്ത്രണങ്ങളും നിലവിലില്ല. |
| (ബി) തിരിച്ചടവിന് കാലതാമസം നേരിട്ട കാർഷിക വായ്പകൾ അടയ്ക്കുമ്പോൾ സബ്സിഡി ലഭിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; | (ബി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പലിശ സബ്സിഡി പദ്ധതി പ്രകാരം വിള ഉൽപ്പാദനത്തിനെടുത്തിട്ടുള്ള കാർഷിക വായ്പയ്ക്ക് എല്ലാ കർഷകർക്കും 2% പലിശ സബ്സിഡിയും, കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകന് അധികമായി 3% സബ്സിഡിയും, നൽകി വരുന്നു. കൃത്യമായിട്ടുള്ള വായ്പാ തിരിച്ചടവ് പ്രോൽസാഹിപ്പിക്കുവാനാണ് കേന്ദ്ര സർക്കാർ അത്തരമൊരു മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്. |
| (സി) കാർഷിക വായ്പകളുടെ ഏറ്റവും കുറഞ്ഞ സബ്സിഡി എത്രയായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു എന്ന് അറിയിക്കുമോ? | (സി) വിള ഉൽപ്പാദനത്തിനായുള്ള കാർഷിക വായ്പയുടെ ഏറ്റവും കുറഞ്ഞ പലിശ സബ്സിഡി 2% ആണ്. |

സെക്ഷൻ ഓഫീസർ